വിജി-എ2/17/2021-വിജി

# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.153 | 12/01/2021-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ. ശാഖകളിലെ പരിശോധന**

| ചോദ്യം<br>ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| **(എ)** കെ.എസ്.എഫ്.ഇ. ശാഖകളിൽ സംസ്ഥാന വിജിലൻസ് സംഘം പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശാഖകളിലാണ് പരിശോധന നടത്തിയത് എന്നറിയിക്കുമോ ; | **എ)** 40 കെ.എസ്.എഫ്.ഇ ശാഖകളിൽ 27/11/2020 ന് സംസ്ഥാന വിജിലൻസ് സംഘം മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. |
| **(ബി)** ഏതെങ്കിലും പരാതിയുടെ വെളിച്ചത്തിലാണോ പ്രസ്തുത ശാഖകളിൽ പരിശോധന നടത്തിയത്; ഇക്കാര്യത്തിൽ തീരുമാനം എടുത്തത് ആരാണ്; വ്യക്തമാക്കുമോ; | **ബി)** വിജിലൻസ് ഡയറക്ടർക്ക് ലഭിച്ച സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മിന്നൽ പരിശോധന നടത്തിയത്. ഇത്തരം മിന്നൽ പരിശോധനകൾക്ക് അനുവാദം നൽകുന്നതിന് വിജിലൻസ് ഡയറക്ടറിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചാണ് പരിശോധന നടത്താൻ അനുവാദം നൽകിയിട്ടുള്ളത്. |
| **(സി)** കെ.എസ്.എഫ്.ഇ. പോലുള്ള ധനകാര്യ സ്ഥാപനത്തിൽ ഇങ്ങനെ കൂട്ടത്തോടെ റെയിഡ് നടത്തുന്നത് സ്ഥാപനത്തിന്റെ വിശ്വാസ്യത തകർക്കുന്നതിനും ഇടപാടുകാരെ സംശയത്തിന്റെ നിഴലിലാക്കുന്നതിനും ഇടയാക്കില്ലേയെന്ന് വെളിപ്പെടുത്താമോ; | **സി)** വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി സർക്കാരിലേക്ക് സമർപ്പിക്കുന്ന റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച് ആയതിന്മേൽ തുടർ നടപടികൾ സർക്കാർതലത്തിലും പരിശോധിക്കുന്നുണ്ട്. ഇതുമൂലം സ്ഥാപനങ്ങളുടെ വിശ്വാസ്യതയും സാമ്പത്തിക ഭദ്രതയും, കോട്ടം കൂടാതെ നിലനിൽക്കുകയും വർദ്ധിക്കുകയും ചെയ്യുന്നതാണ്. |
| **(ഡി)** ഇത്തരം റെയിഡുകൾ നടത്തുമ്പോൾ എവിടെയൊക്കെയാണ് പരിശോധന നടത്തുന്നതെന്ന കാര്യം കെ.എസ്.എഫ്.ഇ. മാനേജ്മെന്റിനെ മുൻകൂട്ടി അറിയിക്കണമെന്ന ധനകാര്യമന്ത്രിയുടെ ആവശ്യം പരിഗണിക്കുമോ? | **ഡി)** മുൻകൂട്ടി അറിയിച്ചു കൊണ്ട് മിന്നൽ പരിശോധന നടത്തുന്നത് ഇത്തരം പരിശോധനകളുടെ ഉദ്ദേശ്യവും ഫലപ്രാപ്തിയും ഇല്ലാതാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**